**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 881** **26-07-2021 - ൽ മറുപടിയ്ക്ക്**

**അനധികൃത മരം മുറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതോ സ്വാഭാവികമായി കിളിർത്തുവന്നതോ ആയ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിനു 24.10.2020-നു റവന്യൂ വകുപ്പ് ഇറക്കിയ ഉത്തരവിനെത്തുടർന്ന് ആശങ്ക അറിയിച്ച ജില്ലാ കളക്ടർമാർ ആരൊക്കെയെന്ന് വ്യക്തമാക്കാമോ; കളക്ടർമാരുടെ ഇത് സംബന്ധിച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (എ) | വയനാട് ജില്ലാ കളക്ടർ 16.12.2020 ൽ 24.10.2020 ലെ സ.ഉ (കൈ) നം.261/2020/റവ. ഉത്തരവ് സംബന്ധിച്ച് സ്പഷ്ടീകരണം ചോദിച്ചിരുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) ഈ കത്ത് ലഭിക്കുന്നതിനു മുമ്പ് 03.12.2020 തീയതിയിൽ ഈ ഉത്തരവ് റദ്ദ് ചെയ്യുന്നതു സംബന്ധിച്ച നിയമ വകുപ്പിന്റെ ഉപദേശത്തിന് അയച്ചിരുന്നു. |

സെക്ഷൻ ഓഫീസർ

DCWYD/4176/2020-B3 (2)

ഭരണഭാഷ മാതൃഭാഷ
ജില്ലാ കളക്ടറുടെ കാര്യാലയം, വയനാട്, കൽപ്പറ്റ.

ഫോൺ. 04936 202251.

ഇ-മെയിൽ: *dyclawyd@gmail.com*
15.12.2020

ജില്ലാ കളക്ടർ,
വയനാട്.

കമ്മീഷണർ
ലാൻഡ് റവന്യൂ
തിരുവനന്തപുരം.

സർ,

വിഷയം : പട്ടയഭൂമിയിൽ കർഷകർ നട്ടു വളർത്തിയതും പട്ടയഭൂമിയിൽ നിലനിർത്തിയതുമായ ചന്ദനം ഒഴികെയുള്ള മരങ്ങളുടെ ഉടമസ്ഥാവകാശം – സർക്കാർ ഉത്തരവ് സംബന്ധിച്ച്-

സൂചന : 1. 11.03.2020 തിയതിയിലെ യു.3/187/2019/റവ. നമ്പർ പരിപത്രം.
2. ഈ കാര്യാലയത്തിലെ 03.09.2020 ലെ ഇതേ നമ്പർ കത്ത്.
3. സ.ഉ(കൈ)നം.261/2020/ റവ. തിയതി 24.10.2020

*******

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു . കർഷകർ നട്ടു വളർത്തിയതും പട്ടയഭൂമിയിൽ നിലനിർത്തിയതുമായ ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളുടെയും ഉടമസ്ഥാവകാശം സംബന്ധിച്ച് സൂചന 1 പ്രകാരം ലഭ്യമായിട്ടുള്ള ഉത്തരവിൽ ചുവടെ ചേർത്ത കാര്യങ്ങളിൽ വ്യക്തത വരുത്തി നൽകുന്നതിന് സൂചന 2 പ്രകാരം അപേക്ഷിച്ചിട്ടുള്ളതാണ്.

1. സർക്കാർ ഭൂമിക്ക് പട്ടയം അനുവദിക്കുമ്പോൾ പ്രസ്തുത സമയത്ത് നിലവിലുണ്ടായിരുന്നതും സർക്കാരിലേക്ക് നിർത്തിവെച്ചതായി പട്ടയത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ മരങ്ങളുടെ അവകാശം സർക്കാരിൽ തന്നെ നിക്ഷിപ്തമാണോ?
2. ഇത്തരത്തിലുള്ള അനുമതി നൽകുമ്പോൾ പട്ടയം നൽകിയ സമയത്ത് നിലവിലുണ്ടായിരുന്നതും പട്ടയത്തിൽ രേഖപ്പെടുത്തിയതുമായ മരങ്ങളും കർഷകർ പട്ടയം ലഭിച്ച ശേഷം പിന്നീട് നട്ടുവളർത്തിയ മരങ്ങളും പ്രത്യേകം വേർതിരിക്കേണ്ടിവരും. ( പട്ടയം ലഭിച്ച ശേഷം കർഷകർ നട്ടു വളർത്തിയ ചന്ദന മരങ്ങൾ ഒഴികെയുള്ളവയാണ് സർക്കുലർ പ്രകാരം കർഷകർക്ക് വിട്ടുനൽകേണ്ടി വരുന്നതെങ്കിൽ )
3. സർക്കുലർ പ്രകാരം മരങ്ങൾ വിട്ടുനൽകുകയാണെങ്കിൽ ഈ ജില്ലയിൽ ഇത്തരത്തിലുള്ള ധാരാളം മരങ്ങൾ മുറിച്ച് മാറ്റാൻ സാധ്യതയുണ്ട്.ഇത് വ്യാപകമായി മരം മുറിക്കുന്നതിന് കാരണമാകാം.
4. കൂടാതെ സർക്കാരിലേക്ക് നിർത്തിവെച്ച ഇത്തരം മരങ്ങൾ അനുമതിയില്ലാതെ മുറിച്ചതിനെ തുടർന്ന് ജില്ലയിൽ ധാരാളം വ്യക്തികളുടെ പേരിൽ കെ എൽ സി നിയമപ്രകാരം നടപടികൾ സ്വീകരിക്കുകയും പിഴ ചുമത്തുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ ഇത് സംബന്ധിച്ച് ധാരാളം ഫയലുകളിൽ നടപടികൾ തുടരുന്നുണ്ട്. ഇത്തരം കേസുകളിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ സംബന്ധിച്ച് നിർദ്ദേശത്തിനായി.

ലാൻഡ് റവന്യൂ കമ്മീഷണറുടെ 13.08.2020 ലെ എൽ.ആർ.ജെ.4 /32471/2019 നമ്പർ കത്ത് പ്രകാരം സൂചന 1 പ്രകാരമുള്ള പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ ഇനിയൊരു ഉത്തരവുണ്ടാകുന്നത് വരെ തുടർ നടപടികൾ സ്വീകരിക്കേണ്ടതില്ലായെന്ന് അറിയിച്ചിരുന്നതാണ്. തുടർന്ന് മേൽ വിഷയത്തിൽ വ്യക്തത വരുത്തിക്കൊണ്ട് സൂചന 3 പ്രകാരമുള്ള ഉത്തരവ് ലഭിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് ഖണ്ഡിക 6 പ്രകാരം 1964 ലെ ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകിയ ഭൂമിയിൽ കർഷകർ വച്ച് പിടിപ്പിച്ചതും കിളിർത്ത് വന്നതും, പതിച്ച് ലഭിക്കുന്ന സമയത്ത് വൃക്ഷ വില അടച്ച് റിസർവ് ചെയ്തതുമായ ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളുടെയും അവകാശം കർഷകർക്ക് മാത്രമാണെന്നും, അപ്രകാരമുള്ള മരങ്ങൾ അവർക്ക് മുറിച്ചുമാറ്റാവുന്നതാണെന്നും അതിന് പ്രത്യേകിച്ച് ആരുടെയെങ്കിലും അനുവാദം വാങ്ങേണ്ടതില്ലായെന്നും ഉത്തരവായിട്ടുള്ളതായി കാണുന്നു. എന്നാൽ പട്ടയം അനുവദിക്കുന്ന സമയത്ത് വീട്ടി, തേക്ക്, ചന്ദനം തുടങ്ങിയ രാജകീയ മരങ്ങളുടെ വൃക്ഷ വില ഈടാക്കാതെയാണ് സർക്കാരിലേക്ക് റിസർവ്വ് ചെയ്തിട്ടുള്ളത്. ഈ മരങ്ങൾ വിട്ടുനൽകാൻ കഴിയുമോയെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമല്ലെന്ന് കാണുന്നു. ഇത്തരത്തിലുള്ള മരങ്ങൾ മുറിക്കുന്നതിനുള്ള അനുവാദത്തിനാണ് ഭൂരിഭാഗം ഭൂവുടമകളും അപേക്ഷിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഇതുസംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകുന്നതിന് അപേക്ഷിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

ഒപ്പ്/-

**DEPUTY COLLECTOR**

ജില്ലാ കളക്ടർക്കു വേണ്ടി.

This document is electronically approved in eOffice by **SHAJU N I, DYC(LA) DCWYD, O/O DYC(LA) DCWYD** on 15/12/2020.Hence it does not require signature in ink